(എഫ്) അഡ്വക്കേറ്റ് ജനറൽ ആഫീസിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 18-4-1998 മുതൽ

(സി) ഉണ്ട്.

(ഡി) പൊതുഭരണ വകുപ്പിലും നിയമ വകുപ്പിലും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽ സൃഷ്ടിച്ചിട്ടില്ല.

(ഇ) പൊതുഭരണ വകുപ്പിൽ ജോയിന്റ് സെക്രട്ടറി, സെക്ഷൻ ആഫീസർ, അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, പ്യൂൺ എന്നീ വിഭാഗങ്ങളിൽ ഓരോ തസ്തിക വീതം സൃഷ്ടിച്ചിട്ടുണ്ട്. നിയമവകുപ്പിൽ ഒരു ജോയിന്റ് സെക്രട്ടറിയുടെ തസ്തിക താൽക്കാലികമായി സൃഷ്ടിച്ചിട്ടുണ്ട്.

(എഫ്) അഡ്വക്കേറ്റ് ജനറൽ ആഫീസിൽ താഴെ പറയുന്ന വിധം 55 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്:

ജോയിന്റ് സെക്രട്ടറി	..	1
ഡെപ്യൂട്ടി സെക്രട്ടറി	..	2
അണ്ടർ സെക്രട്ടറി	..	2
സെക്ഷൻ ആഫീസർ	..	4
അസിസ്റ്റന്റ്	..	16
ഓഫീസ് സൂപ്രണ്ട്	..	1
ടൈപ്പിസ്റ്റ്/കമ്പ്യൂട്ടർ ഓപ്പറേറ്റർ	..	6
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	..	6
ക്ലറിക്കൽ അസിസ്റ്റന്റ്	..	2
ലൈബ്രറി അസിസ്റ്റന്റ്	..	1
പ്യൂൺ	..	12
ടെലിഫോൺ ഓപ്പറേറ്റർ	..	2

കാസർഗോഡ് ജില്ലയിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വന്റുമാരുടെ ഒഴിവുകൾ

94 [2583] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വന്റുമാരുടെ ഒഴിവുകളിലേക്ക് നിയമനം നടത്താൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാലാകാലങ്ങളിൽ ഉണ്ടാകുന്ന, പി. എസ്. സി. മുഖേന നിയമനം നടത്തേണ്ട ഒഴിവുകൾ യഥാസമയം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന കർശന നിർദ്ദേശം നിലവിലുണ്ട്. കൂടാതെ റിപ്പോർട്ട് ചെയ്യുന്ന ഒഴിവിലേക്ക് പി.എസ്.സി. വൈകാതെ നിയമനം നടത്താറുണ്ട്.

ജല അതോറിറ്റിയിൽ ലാസ്കർ തസ്തികയിൽ നിയമനം

95 [2584] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയിൽ ലാസ്കർ തസ്തികയിൽ നിയമനം നൽകുന്നതിന് പി. എസ്. സി.-യിൽ നിന്നും അഡ്വൈസ് മെമ്മോ അയച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആർക്കൊക്കെ എപ്പോഴാണ് മെമ്മോ അയച്ചതെന്ന് വ്യക്തമാക്കാമോ;

(സി) നിയമന കാലാവധി അവസാനിച്ചുവോ എന്നും ഇല്ലെങ്കിൽ എപ്പോൾ നിയമനം നടക്കുമെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മറുപടി ഉൾപ്പെടുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) നിയമന കാലാവധി കഴിഞ്ഞിട്ടില്ല. വാട്ടർ അതോറിറ്റി റിപ്പോർട്ട് ചെയ്ത ഒഴിവുകളേക്കാൾ കൂടുതലായി അഞ്ച് ഉദ്യോഗാർത്ഥികളെകൂടി പി. എസ്. സി. വാട്ടർ അതോറിറ്റിയിലേക്ക് അഡ്വൈസ് ചെയ്തിട്ടുണ്ട്. ഇവർക്കു നിയമനം നൽകാൻ ഇപ്പോൾ ജല അതോറിറ്റിയിൽ ഒഴിവുകളൊന്നുമില്ല. മറ്റുള്ളവർക്ക് നിയമനം നൽകിയിട്ടുണ്ട്.

വിനോദ നികുതിയിൽ നൽകാനുള്ള കുടിശ്ശിക

96 [2585] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത അമ്യൂസ്മെന്റ് പാർക്കുകളിൽ നിന്നും ഏതെല്ലാം തരത്തിലുള്ള നികുതികളാണ് പിരിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) വിനോദ നികുതിയിനത്തിൽ പിരിക്കുന്ന തുക യഥാസമയം പഞ്ചായത്തുകൾക്ക് നൽകുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly